**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 345** **10-06-2024 - ൽ മറുപടിയ്ക്ക്**

**മുനിസിപ്പൽ കോമൺ സർവീസിൽ നിന്നും എൽ.എസ്.ജി.ഡി സർവീസിന്റെ ഭാഗമായ ജീവനക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | മുനിസിപ്പൽ കോമൺ സർവീസിൽ നിന്നും ലോക്കൽ സെൽഫ് ഗവൺമെന്റ് ഡിപ്പാർട്ട്മെന്റ് പൊതു സർവീസിന്റെ ഭാഗമായി കൂട്ടി ചേർത്ത മറ്റ് ഓഫീസുകളിൽ സ്ഥലം മാറ്റം ലഭിച്ച് ജോലി നോക്കുന്ന ജീവനക്കാരുടെ പി. എഫ്., എൽ.ഐ.സി., എസ്.എൽ.ഐ., ജി.ഐ.എസ്., മെഡിസെപ്, മറ്റു റിക്കവറികൾ എന്നിവ അതാത് ഓഫീസുകളിൽ കൃത്യമായി ഒടുക്കുന്നുണ്ടോ; | (എ) | ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിന് തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഒടുക്കു വരുത്തേണ്ട NPS Employer Contribution ഒഴികെയുള്ള റിക്കവറികൾ സ്പാർക്കിൽ നിലവിലുള്ള other deductions option മുഖേന പിൻവലിച്ച് ഇ ചെലാൻ/ ചെലാൻ മുഖേന ബാങ്ക്/ട്രഷറി/മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ അടക്കാവുന്നതാണ് എന്ന് ഡി.ഡി.ഒ. മാർക്ക് പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിൽ നിന്ന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| (ബി) | മുനിസിപ്പൽ കോമൺ സർവീസിൽ നിന്നും ലോക്കൽ സെൽഫ് ഗവൺമെന്റ് ഡിപ്പാർട്ട്മെന്റ് ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസുകളിൽ ജോലിനോക്കുന്ന ജീവനക്കാർ റിട്ടയർ ചെയ്താൽ ഇവരുടെ പി.എഫ്., പെൻഷൻ, ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ, ഏൺഡ് ലീവ്, ടെർമിനൽ സറണ്ടർ എന്നിവ അനുവദിക്കേണ്ടത് ഏത് ഓഫീസിൽ നിന്നാണെന്ന് അറിയിക്കുമോ; | (ബി) | മുനിസിപ്പൽ കോമൺ സർവീസിൽ നിന്നും റിട്ടയർ ചെയ്യുന്ന ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും അനുവദിച്ച് നൽകുന്നതാണ്. റിട്ടയർ ചെയ്ത ജീവനക്കാരുടെ PF ക്ലോഷർ തുക ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസുകളിൽ വിതരണം ചെയ്യുവാൻ ഉത്തരവ് ആയിട്ടുള്ളതാണ്. എന്നാൽ ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസിൽ TSB അക്കൗണ്ട് എടുക്കുന്നതിന് സാങ്കേതിക തടസ്സങ്ങൾ ഉള്ളതായി ട്രഷറിയിൽ നിന്നും അറിയിച്ചതിനാൽ ആയത് പരിഹരിക്കുന്നതു വരെ പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ നിന്ന് ടിയാളുകൾക്ക് PF ഇനത്തിൽ തുക അനുവദിക്കുന്നതിന് ഉത്തരവായിട്ടുള്ളതാണ്. |
| (സി) | മുനിസിപ്പൽ കോമൺ സർവീസ് ജീവനക്കാരെ സർക്കാർ ജീവനക്കാരാക്കി ഉത്തരവായിട്ടുണ്ടോ; | (സി) | മുനിസിപ്പൽ കോമൺ സർവീസിലെ കണ്ടിജന്റ് ജീവനക്കാർ ഒഴികെ മുനിസിപ്പാലിറ്റിയിലെ |

| | | | |
|---|---|---|---|
| | അപ്രകാരം ഉത്തരവായിട്ടുണ്ടെങ്കിൽ ഇവരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടക്കേണ്ടതുണ്ടോ; | | ഉദ്യോഗസ്ഥരും ജീവനക്കാരും സർക്കാർ ജീവനക്കാർ ആയിരിക്കുന്നതാണെന്ന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്.<br><br>മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാർ മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ/ പഞ്ചായത്ത് വകുപ്പിൽ സ്ഥലം മാറ്റപ്പെട്ട് ജോലി നോക്കി വരുമ്പോൾ റിട്ടയർ ചെയ്താൽ ജീവനക്കാർ പഞ്ചായത്തിൽ ജോലി ചെയ്ത കാലയളവിലെ പെൻഷൻ കോൺട്രിബ്യൂഷൻ പഞ്ചായത്ത് വകുപ്പിൽ നിന്ന് മുനിസിപ്പൽ സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് ഒടുക്കേണ്ടതാണെന്നും പ്രസ്തുത നടപടിക്രമം പൂർത്തിയായാൽ മുനിസിപ്പൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ഇവർക്ക് പെൻഷൻ അനുവദിക്കാമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ടി ജീവനക്കാർ പഞ്ചായത്ത് വകുപ്പിൽ അല്ലാതെ മറ്റ് വകുപ്പിൽ സ്ഥലം മാറ്റം വന്ന് ജോലിയിൽ പ്രവേശിച്ചാൽ പെൻഷൻ കോൺട്രിബ്യൂഷൻ എപ്രകാരം ഒടുക്കണമെന്നത് സംബന്ധിച്ച് പ്രിൻസിപ്പൽ ഡയറക്ടർ സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുള്ളത് പ്രകാരം സർക്കാർ തലത്തിൽ പരിശോധിച്ച് വരികയാണ്. |
| (ഡി) | ലോക്കൽ സെൽഫ് ഗവൺമെന്റ് ഡിപ്പാർട്ട്മെന്റിൽ 2024 ലെ ഓൺലൈൻ സ്ഥലംമാറ്റ നടപടികളുടെ നിലവിലെ സ്ഥിതി എന്താണ്; എൽ.എസ്.ജി.ഡി. പ്രിൻസിപ്പൽ ഡയറക്ടർ ഓഫീസ്, ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസ്, പൊതു സർവീസിന്റെ ഭാഗമായി കൂട്ടി ചേർത്ത ഓഫീസുകൾ എന്നിവിടങ്ങളിൽ 3 വർഷത്തിൽ കൂടുതൽ ജോലി ചെയ്യുകയും ട്രാൻസ്ഫർ അപേക്ഷ നൽകാതെ അവിടെ തന്നെ വർഷങ്ങളായി തുടരുകയും ചെയ്യുന്ന ജീവനക്കാർ ഉണ്ടെങ്കിൽ അവരെ നിർബന്ധമായും സ്ഥലംമാറ്റി പകരം സ്വന്തം ജില്ലക്കു പുറത്ത് ജോലി നോക്കിവരുന്ന അർഹരായവർക്ക് സ്ഥലം മാറ്റം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; | (ഡി) | 2024 ലെ പൊതു സ്ഥലം മാറ്റത്തിന് ഓൺലൈൻ ആയി അപേക്ഷ ക്ഷണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിൽ പുരോഗമിക്കുകയാണ്. ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിൽ സർക്കാർ/ പ്രിൻസിപ്പൽ ഡയറക്ടർ/ജില്ലാ മേധാവി നിയമനാധികാരിയായിട്ടുള്ള ജീവനക്കാരുടെ പൊതു സ്ഥലംമാറ്റത്തിനായി 16.03.2024 ലെ സ.ഉ (കൈ) നം.46/2024/തസ്വഭവ പ്രകാരം നിലവിൽ വന്ന മാനദണ്ഡങ്ങളുടെയും മാർഗ്ഗ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് സ്ഥലംമാറ്റം അനുവദിക്കുന്നത്. ടി സർക്കാർ ഉത്തരവിലെ ക്രമ നമ്പർ 2 ലെ (ബി) ഉപവിഭാഗത്തിൽ ഒരു ഓഫീസിൽ നിലവിലെ കാറ്റഗറി/തസ്തികയിൽ അതാത് വർഷം മാർച്ച് 31 ന് മൂന്ന് വർഷത്തെ (3 വർഷം) സേവനം പൂർത്തിയാക്കിയിട്ടുള്ള ജീവനക്കാരെ നിർബന്ധമായും സ്ഥലം മാറ്റേണ്ടതാണെന്ന് നിർദ്ദേശിച്ചിരിക്കുന്നു. അപ്രകാരം തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ഇ) | പ്രിൻസിപ്പൽ ഡയറക്ടർ ഓഫീസിൽ (റൂറൽ,അർബൻ, ഡയറക്ടറേറ്റ് ഉൾപ്പെടെ) തുടർച്ചയായി 5 വർഷത്തിലോ, 10 വർഷത്തിലോ കൂടുതൽ കാലം ജോലി നോക്കിവരുന്ന ജീവനക്കാർ നിലവിലുണ്ടെങ്കിൽ ആയവരുടെ പേരുവിവരം, തസ്തിക, എത്ര വർഷമായി ജോലി നോക്കി വരുന്നു എന്ന വിവരം അറിയിക്കാമോ; | (ഇ) | മറുപടി ശേഖരിച്ച് നൽകുന്നതാണ്. |
| (എഫ്) | തിരുവനന്തപുരം ജില്ലയിലേയ്ക്കുള്ള ട്രാൻസ്ഫർ അപേക്ഷകളിൽ എക്സ്-സർവ്വീസ് മെൻ സീനിയോറിറ്റിയിൽ (ഹെഡ് ക്ളാർക്ക് /റവന്യൂ ഇൻസ്പെക്ടർ) എത്ര അപേക്ഷകൾ ലഭിച്ചിരുന്നു; അതിൽ എത്ര എണ്ണത്തിൽ ട്രാൻസ്ഫർ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ; | (എഫ്) | മറുപടി ശേഖരിച്ച് നൽകുന്നതാണ്. |
| (ജി) | ശാരീരിക അവശതകൾ മൂലം പെൻഷൻ പറ്റി പിരിഞ്ഞ വിമുക്ത ഭടൻമാരിൽ, പ്രസ്തുത വിവരം കാണിച്ച് അപ്പീൽ അപേക്ഷ നൽകിയിട്ടും പരിഗണിയ്ക്കപ്പെടാത്ത ശ്രീ. ജെ. ഡി. പ്രമോദിന്റെ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ജി) | പരിശോധിച്ച് മറുപടി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ